ഏപ്രിൽ 2015

കോർപ്പറേറ്റ് ന്യൂസ്

എച്ച്എൽഎൽ വാർത്താപത്രിക

# കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീ ജഗത് പ്രകാശ് നഡ്ഡ എച്ച്എൽഎൽ സന്ദർശിച്ചു





കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീ ജഗത് പ്രകാശ് നഡ്ഡ എച്ച്എൽഎൽ സന്ദർശിച്ചത് ഏവർക്കും പുത്തനുണർവ് പകർന്നു. എച്ച്എൽഎല്ലിന്റെ മാതൃയൂണിറ്റായ പേരൂർക്കട ഫാക്ടറി, ആക്കുളം ഫാക്ടറി, കോർപറേറ്റ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ എന്നിവിടങ്ങളിലെ വിവിധ വിഭാഗങ്ങളിലായിരുന്നു സന്ദർശനം. എച്ച്എൽഎൽ കൈവരിച്ച നേട്ടങ്ങളുടെ യഥാർത്ഥ ശിൽപികൾ അർപ്പണബോധമുള്ള ഗവേഷകരാണെന്നും, ഗുണമേൻമയേറിയ ഉൽപ്പന്നങ്ങൾ വിപണയിലെത്തിക്കാനുള്ള ഗവേഷകരുടെ പ്രതിബദ്ധതയും നൂതനാശയങ്ങളും അഭിനന്ദനാർഹമാണെന്നും ശ്രീ ജഗത് പ്രകാശ് നഡ്ഡ പറഞ്ഞു. ആക്കുളം റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്ററിൽ സ്ഥാപിച്ച ഇൻകുബേഷൻ സെന്ററിന്റെ ഉദ്ഘാടനം അദ്ദേഹം നിർവഹിച്ചു.

എച്ച്എൽഎല്ലിന്റെ ഉൽപ്പന്നങ്ങൾ 170 രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ടെന്നും അവയ്ക്ക് ഇതിനോടകം വിദേശ വിപണിയിൽ പ്രത്യേക സ്ഥാനം ഉറപ്പിക്കാൻ കഴിഞ്ഞത് അഭിമാനാർഹമാണെന്നും മന്ത്രി പറഞ്ഞു.

ലോകോത്തര സൗകര്യങ്ങളോടുകൂടിയ ഫാക്ടറിയുടെ പ്രവർത്തനത്തിൽ മന്ത്രി മതിപ്പു പ്രകടിപ്പിച്ചു. ആരോഗ്യവുമായി ബന്ധപ്പെട്ട മറ്റു വിവിധ പ്രവർത്തനങ്ങളിലേക്ക് എച്ച്എൽഎൽ ശ്രദ്ധ വ്യാപിപ്പിച്ചതിനേയും മന്ത്രി അഭിനന്ദിച്ചു. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ സഹകരണത്തിൽ പൊതുജനങ്ങൾക്കായി ആരോഗ്യ സംബന്ധമായ പരിപാടികൾ വിജയകരമായി സംഘടിപ്പിക്കുന്നതിൽ സജീവ പങ്കാളിയാണ് എച്ച്എൽഎല്ലെന്നും അദ്ദേഹം പറഞ്ഞു.



ആക്കുളം റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്ററിൽ സ്ഥാപിച്ച ഇൻകുബേഷൻ സെന്ററിന്റെ ഉദ്ഘാടനം ശ്രീ ജഗത് പ്രകാശ് നഡ്ഡ നിർവഹിക്കുന്നു.

# എച്ച്എൽഎല്ലും മാർ ബസേലിയോസ് എൻജിനീയറിംഗ് കോളേജും തമ്മിൽ സഹകരണത്തിന് ധാരണ



അറിവിന്റെ പങ്കിടലും ഗവേഷണ സംവാദങ്ങളും കൺസൾട്ടൻസിയും പരിശീലന പരിപാടികളുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർഥികൾക്ക് എച്ച്എൽഎൽ വ്യാവസായിക പരിശീലനവും ഗവേഷണ പദ്ധതികളിൽ പങ്കാളിത്തം നൽകുകയും ചെയ്യും.

സി എം ഡി ഡോ. എം.അയ്യപ്പൻ മാർ- ബസേലിയോസ് കോളജ് പ്രിൻസിപ്പൽ ഡോ. ടി.എം.ജോർജിന് ധാരണാപത്രം കൈമാറുന്നു.

എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡും മാർ ബസേലിയോസ് കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയും തമ്മിൽ വ്യവസായ-പഠന സഹകരണത്തിനും യോജിച്ചുള്ള ഗവേഷണത്തിനും ധാരണയായി. ഒരു എൻജിനീയറിംഗ് കോളജുമായി ഇത് മൂന്നാം തവണയാണ് എച്ച്എൽഎൽ ഇത്തരമൊരു പങ്കാളിത്തത്തിൽ ഏർപ്പെടുന്നത്. നേരത്തേ കോളേജ് ഓഫ് എൻജിനീയറിംഗ് തിരുവനന്തപുരവുമായും, മോഹൻദാസ് കോളേജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയുമായുമാണ് സഹകരണത്തിൽ ഏർപ്പെട്ടത്.

പഠന ഗവേഷണ പ്രവർത്തനങ്ങളുടെ കാര്യശേഷിവർധനവിനായി സേവനവും വൈദഗ്ദ്ധ്യവും ലഭ്യമാക്കുന്നതിനാണ് എച്ച്എൽഎൽ ചെയർമാൻ ഡോ. എം. അയ്യപ്പനും മാർ ബസേലിയോസ് കോളേജ് പ്രിൻസിപ്പൽ ഡോ. ടി.എം.ജോർജും ചേർന്ന് ധാരണാപത്രം ഒപ്പിട്ടത്. മാർ ബസേലിയോസ് കോളജ് ഗവേഷണ വികസന വിഭാഗം ഡീൻ ഡോ. ശകുന്തള എസ്.പിള്ള, എച്ച്എൽഎൽ ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ് ഡയറക്ടർ ഡോ. കെ.ആർ.എസ്.കൃഷ്ണൻ, സീനിയർ വൈസ് പ്രസിഡന്റ് സതീഷ് കുമാർ എന്നിവരും ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുന്ന ചടങ്ങിൽ സന്നിഹിതരായിരുന്നു.

അറിവിന്റെ പങ്കിടലും ഗവേഷണ സംവാദങ്ങളും കൺസൾട്ടൻസിയും പരിശീലന പരിപാടികളുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർഥികൾക്ക് എച്ച്എൽഎൽ വ്യാവസായിക പരിശീലനവും ഗവേഷണ പദ്ധതികളിൽ പങ്കാളിത്തം നൽകുകയും ചെയ്യും.

സൈദ്ധാന്തികമായ പഠനത്തിനൊപ്പം അനിവാര്യമായ പ്രായോഗിക പരിജ്ഞാനവും ഉൾപ്പെടുത്തി സമ്പൂർണ വിദ്യാഭ്യാസം ലഭ്യമാക്കുകയെന്ന പുതിയ സംസ്കാരം ലഭ്യമാക്കാനാണ് ഈ പങ്കാളിത്തത്തിലൂടെ സാധിക്കുന്നതെന്ന് ഡോ. എം.അയ്യപ്പൻ പറഞ്ഞു. വിദ്യാർഥികൾക്ക് വ്യാപാരരംഗത്തെ യാഥാർഥ്യങ്ങൾ മനസ്സിലാക്കാനുള്ള അവസരവും ഇതിലൂടെ ലഭിക്കും. വിദ്യാർഥികളുടെ സമഗ്രമായ വികസനത്തിനൊപ്പം അധ്യാപകരുടെ ശേഷി വർധിപ്പിക്കാനും ഇത്തരം പങ്കാളിത്തങ്ങളിലൂടെ സാധിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

വ്യവസായാനുബന്ധ വെല്ലുവിളികളെപ്പറ്റി ബോധമുള്ളവരാകാനും അവയ്ക്ക് പ്രായോഗിക പരിഹാരങ്ങൾ കണ്ടെത്താനും ഇത്തരം സഹകരണങ്ങൾ വിദ്യാർഥികളെ സഹായിക്കുമെന്ന് ഡോ. ടി.എം.ജോർജ് പറഞ്ഞു. വ്യവസായ സംവിധാനങ്ങളിലെ വ്യത്യസ്ത കാഴ്ചപ്പാടുകളെപ്പറ്റി മനസ്സിലാക്കാൻ വിദ്യാർഥികൾക്ക് ലഭിക്കുന്ന അസുലഭാവസരം കൂടിയാണിത്.

ഇരു സ്ഥാപനങ്ങളുടെയും ലബോറട്ടറികളും പരിശോധന സൗകര്യങ്ങളും മുൻഗണനാക്രമത്തിലും കുറഞ്ഞ നിരക്കിലും ഉപയോഗിക്കാനുള്ള അനുവാദവും ഈ കരാർ നൽകുന്നുണ്ട്. കോളേജിന്റെ സൗകര്യങ്ങൾ ഉപയോഗിച്ച് ജീവനക്കാർക്കുവേണ്ടി തുടർ വിദ്യാഭ്യാസവും നൈപുണ്യ വികസനവും വിഷയനവീകരണ ശിൽപശാലകളും എച്ച് എൽ എൽ സംഘടിപ്പിക്കും.

കോളേജിന്റെ പാഠ്യപദ്ധതിയും മറ്റും രൂപപ്പെടുത്തുന്നതിൽ ഉപദേശം നൽകാനും പാഠ്യ, പരിശീലന പരിപാടികളിൽ പിന്തുണ നൽകാനും എച്ച്എൽഎല്ലിന്റെ വൈദഗ്ദ്ധ്യം ഉപയോഗിക്കാനാകുമെന്നതും കരാറിന്റെ പ്രത്യേകതയാണ്.



# സിഎംഡി ഡോ. എം അയ്യപ്പന് ബിസിനസ് ഐക്കൺ ഓഫ് ദി ഇയർ പുരസ്ക്കാരം

> "മൂല്യാധിഷ്ടിതമായ പ്രവർത്തന ശൈലി കാഴ്ച്ചവയ്ക്കാൻ സാധിച്ചതിൽ അഭിമാനമുണ്ട്."
>
> *ഡോ. എം അയ്യപ്പൻ*

പ്രഥമ 'നിബ്' പുരസ്കാരം എച്ച്എൽഎൽ സിഎംഡി ഡോ. എം അയ്യപ്പന് ലഭിച്ചു. കൊച്ചി താജ് ഗേറ്റ്‌വേയിൽ നടന്ന വർണാഭമായ ചടങ്ങിൽ കേരള മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി അവാർഡ് സമ്മാനിച്ചു. സമൂഹത്തിൽ വേറിട്ട പ്രവർത്തനങ്ങളിലൂടെ ജനങ്ങളിൽ കൃത്യമായ സ്വാധീനം ചെലുത്തുന്ന ബിസിനസ് മേധാവികളെയും, മാധ്യമപ്രവർത്തകരെയും അംഗീകരിക്കുന്നതിനായി ഇന്ത്യയിലെ ആദ്യത്തെ പ്രസ്സ് ക്ലബ്ബായ എറണാകുളം പ്രസ്സ് ക്ലബ്ബും പബ്ലിക് റിലേഷൻ കൗൺസിൽ ഓഫ് ഇന്ത്യയും (പിആർസിഐ) സംയുക്തമായി ഏർപ്പെടുത്തിയ പുരസ്ക്കാരമാണ് നിബ് അവാർഡ്.



നിബ് പുരസ്കാരം സിഎംഡി ഡോ. എം അയ്യപ്പന് മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി സമ്മാനിക്കുന്നു. എക്സൈസ് മന്ത്രി ശ്രീ കെ. ബാബു, ശ്രീ കെ വി. തോമസ് എംപി, ശ്രീ ഹൈബി ഈഡൻ എം എൽ എ, പി ആർ സി ഐ ചെയർമാൻ എമെറിറ്റസ് ശ്രീ എം ബി ജയറാം എന്നിവർ സമീപം.

സമൂഹ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നവർ അംഗീകരിക്കപ്പെടുമെന്നും, അവാർഡ് ജേതാക്കൾ എല്ലാം തന്നെ ബിസിനസ് പുരോഗതിക്ക് ഉപരിയായി ജനങ്ങളുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിക്കുന്നവരാണെന്നും അവാർഡുകൾ സമ്മാനിച്ച ശേഷം മുഖ്യമന്ത്രി പറഞ്ഞു. മൂല്യാധിഷ്ഠിതമായ പ്രവർത്തന ശൈലി കാഴ്ച്ചവയ്ക്കാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്ന് മറുപടി പ്രസംഗത്തിൽ ഡോ. എം അയ്യപ്പൻ പറഞ്ഞു.



മികച്ച മാഗസിനുള്ള പ്രഥമ നിബ് പുരസ്കാരം മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി എച്ച് എൽ എൽ കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ ടീമിനു സമ്മാനിക്കുന്നു.

മുഖ്യമന്ത്രിയ്ക്ക് പുറമേ ഫിഷറീസ്, എക്സൈസ് മന്ത്രി ശ്രീ കെ. ബാബു, ശ്രീ കെ വി. തോമസ് എംപി, ശ്രീ ഹൈബി ഈഡൻ എം എൽ എ, കൊച്ചി ഡെപ്യൂട്ടി മേയർ ശ്രീമതി ബി. ഭദ്ര, പി ആർ സി ഐ ചെയർമാൻ എമെറിറ്റസ് ശ്രീ എം ബി ജയറാം, എറണാകുളം പ്രസ്സ് ക്ലബ് പ്രസിഡന്റ് ശ്രീ കെ രവികുമാർ, സെക്രട്ടറി ശ്രീ ഉണ്ണികൃഷ്ണൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# കരകുളത്ത് എച്ച്എൽഎല്ലിന്റെ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ്

എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിന്റെ സാമൂഹിക പ്രതിബദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കരകുളം പഞ്ചായത്തിൽ മാർച്ച് 22 ന് സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. കരകുളം മുസ്ലീം ജമാഅത്ത് ഹാളിൽ എസ്.കെ. ഹോസ്പിറ്റലിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ നാന്നൂറിലേറെ ആളുകൾ ചികിത്സ തേടിയെത്തി.

ഹൃദ്രോഗം, പ്രമേഹം, ന്യൂറോളജി, നേത്രപരിശോധന, ജനറൽ മെഡിസിൻ എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനങ്ങൾ ക്യാമ്പിൽ  ലഭ്യമാക്കിയിരുന്നു. ഇ.സി.ജി, പ്രമേഹരോഗ നിർണയം, യൂറിക്ആസിഡ്, പി.എഫ്.ടി, ഹെപ്പറ്റൈറ്റിസ്, ഹീമോഗ്ലാബിൻ, ലിപിഡ് പ്രൊഫൈൽ, തൈറോയ്ഡ് എന്നീ  പരിശോധനകൾ നടത്തി സൗജന്യ മരുന്നുകൾ വിതരണം ചെയ്തു.

നേത്രപരിശോധനയിൽ പങ്കെടുത്തവരിൽ നൂറോളം പേർക്ക് എച്ച്എൽഎൽ സൗജന്യമായി കണ്ണട നൽകും. കരകുളം പ്രാഥമികാരോഗ്യകേന്ദ്രം, ഗ്രാമപഞ്ചായത്ത്, പ്രിസൈസ് ഐ ഹോസ്പിറ്റൽ, എച്ച്.എൽ.എഫ്.പി.പി.റ്റി എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ക്യാമ്പിന്റെ ഉദ്ഘാടനം കരകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വട്ടപ്പാറ ബി. ജയകുമാർ നിർവ്വഹിച്ചു. ആരോഗ്യ സ്ഥിരം സമിതി ചെയർമാൻ ശ്രീ. വിജയകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ എസ്.കെ ഹോസ്പിറ്റലിലെ ഡോക്ടർമാരായ ശ്രീമതി. തങ്കം, ശ്രീ. അനീഷ്.എൽ, ശ്രീമതി. പ്രിയാമണി, വാർഡ് മെമ്പർമാരായ ശ്രീമതി. താഹിറ ബീവി, ശ്രീ. അബ്ദുൾമജീദ്, ശ്രീമതി. ഹേമലത, ശ്രീ. കായ്പാടി അമീനുദ്ദീൻ, ആരോഗ്യ പ്രവർത്തകരായ ശ്രീ. നാസുറുദ്ദിൻ, ശ്രീമതി. നബിസത്ത്, ശ്രീ. ഫിറോസ്ഖാൻ കെ.പി എന്നിവർ പങ്കെടുത്തു.



എച്ച്എൽഎല്ലിന്റെ സാമൂഹിക പ്രതിബദ്ധത പ്രവർത്തനങ്ങളുടെ ഭാഗമായി കരകുളം പഞ്ചായത്തിൽ മാർച്ച് 22 ന് സംഘടിപ്പിച്ച സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ്.

## ഒററനോട്ടത്തിൽ



ഫെബ്രുവരി 19 ന് പിഎഫ്ടി യിൽ നടന്ന ഹിന്ദി ദിനത്തോടനുബന്ധിച്ച് സി.എം.ഡി. ഡോ. എം. അയ്യപ്പൻ സംസാരിക്കുന്നു.



മൈസിറ്റി പ്രൊജക്ടിന്റെ ഭാഗമായുള്ള 'തുമ്പൂർമൂഴി' മാലിന്യസംസ്ക്കരണ യൂണിറ്റ് ഫെബ്രുവരി 4 ന് എഡിജിപി ഡോ. ബി.സന്ധ്യ  ഉദ്ഘാടനം ചെയ്യുന്നു.





പരിവർത്തൻ സമിതി പിഎഫ്ടിയിൽ മാർച്ച് 18 ന് സംഘടിപ്പിച്ച പരിപാടിയിൽ 'സ്ത്രീ ശാക്തീകരണം' എന്ന വിഷയത്തിൽ ശ്രീമതി അജിതബീഗം ഐ. പി. എസ്. സംസാരിക്കുന്നു.



പിങ്ക് ക്ലബ്ബിന്റെ നേതൃത്വത്തിൽ മാർച്ച് 30 ന് സിഎച്ച്ഒ യിൽ നടന്ന പരിപാടിയിൽ ഹിപ്നൊതെറാപിസ്റ്റ് ഡോ. പി. ഉമാദേവി ക്ലാസെടുക്കുന്നു.